"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കൊല്ലം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ജോലിനോക്കിവരുന്ന ശ്രീ.മൻസൂർ എൻ-യെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1374/2025/LSGD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.11.2024 തിയതിയിലെ LSGD/PD/50402/2023-PENA5 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊല്ലം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ 15.03.2023 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.മൻസൂർ എൻ, 14.03.2010 മുതൽ 13.03.2023 വരെ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ കെ.എസ്.ആർ.ടി.സി-യിൽ സേവനമനുഷ്ഠിക്കുകയും 13.03.2023 ൽ ടി ഡിപ്പാർട്ട്മെന്റിൽ നിന്ന് രാജി വച്ച് 15.03.2023 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതായും ടി കാലയളവിൽ ടിയാൻ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ അംഗമായിരുന്നതിനാൽ അതേ പെൻഷൻ പദ്ധതിയിൽ തന്നെ തുടരുന്നതിനായി ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടുള്ളതായും, ആയതിനാൽ ശ്രീ.മൻസൂർ എൻ-ന് നിലവിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾപ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാവുന്നതിൽ പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം തേടിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി-യിൽ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ നിന്ന് രാജി വച്ച് മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ.മൻസൂർ എൻ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നതിനു സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള ഓപ്ഷൻ സമർപ്പിക്കുകയും ആയത് ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ.മൻസൂർ എൻ-യെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം (ശ്രീ.മൻസൂർ എൻ- ന്റെ

സേവനപുസ്തകം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. മൻസൂർ എൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, കൊല്ലം നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, കൊല്ലം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 03-06-2025 17:03:05
സെക്ഷൻ ഓഫീസർ